# സി.എഫ്.സി.രഹിത ഫ്രിഡ്ജുകൾ

ഫ്രിഡ്ജുകളിൽ ഉപയോഗിച്ചുവരുന്ന ക്ലോറോഫ്ലൂറോ കാർബൺ (സി. എഫ്. സി.) വാതകങ്ങൾ ഓസോൺ പാളിയിൽ വിള്ളൽ വീഴ്ത്തുന്നതിൽ വഹിക്കുന്ന പങ്ക് പരിസ്ഥിതി വിഷയങ്ങളിൽ നേരിയ താൽപര്യമുള്ളവർക്കുപോലും ഇന്ന് അറിയാവുന്ന വസ്തുതയാണ്.

ലോകരാഷ്ട്രങ്ങൾ ഒത്തുചേർന്ന് അംഗീകരിച്ച മോൺട്രിയൽ ഉടമ്പടി അനുസരിച്ച് 2010 കഴിയുന്നതോടെ എല്ലാ രാജ്യങ്ങളിലും ക്ലോറോഫ്ലൂറോ കാർബണുകളുടെ ഉപയോഗം അവസാനിപ്പിച്ച്; ബദൽ നടപ്പിലാക്കിയിരിക്കണം. ഇതേ തുടർന്ന്, ഇന്ത്യയിൽ 2003 ജനുവരി 1 തൊട്ട് ഈ വാതകമുപയോഗിക്കുന്ന ഫ്രിഡ്ജുകൾ നിരോധിക്കുവാൻ നിയമമായിട്ടുമുണ്ട്. അതുകൊണ്ട് ഫ്രിഡ്ജ് നിർമ്മാതാക്കൾ സി. എഫ്. സി. രഹിത മോഡലുകളിലേക്ക് മാറിത്തുടങ്ങിക്കഴിഞ്ഞു.

ഇക്കഴിഞ്ഞ ജനുവരി അവസാനം ഗോദ്റെജ് ഇന്ത്യയിലെ ആദ്യത്തെ സി. എഫ്. സി. രഹിത ഫ്രിഡ്ജ് വിപണിയിലിറക്കി. സി. എഫ്. സി. ക്കുപകരം ഹൈഡ്രോ കാർബണുകളായ ഐസോബ്യൂട്ടേൻ, പ്രൊപ്പേൻ, 600 എ, പ്രൊപ്പേൻ 290 എന്നിവയുടെ ഒരു മിശ്രിതമാണ് ഈ 'പെന്റാക്കൂൾ' മോഡലിൽ ശീതീകരണപദാർത്ഥമായി ഉപയോഗിക്കുന്നത്.

ഗോദ്റെജിനു പുറകേ മറ്റു പ്രമുഖ നിർമ്മാതാക്കളും ഈ വഴിയേ വരുവാൻ പദ്ധതി ഇടുകയാണ്.